THE
CHURCH WEEKLY

ചർച്ചുവീക്കിലി ഒററപ്രതി 13 നഃ പൈസ

വാല്യം XI | 1957 ജൂൺ 16 | ലക്കം 22

# ശാസ്ത്രത്തിന്റെ പരിമിതികൾ

(ടി. പോൾ വറുഗീസ് ബി. എ. ബി, ഡി)

"ദൈവം ഉണ്ടോ ഇല്ലയോ എന്നെനിക്കറിവില്ല; ഉണ്ടായാലും ഇല്ലെങ്കിലും എനിക്കാകാര്യത്തിൽ വലിയ താല്പര്യവുമില്ല."

ക്രൈസ്തവകുടുംബത്തിൽ ജനിച്ചു വളൎന്ന ഒരു ചെറുപ്പക്കാരൻ എനിക്കയച്ച കത്തിൽനിന്നാണീ വാചകം. ആൾ സർവ്വകലാശാലാബിരുദധാരിയാണ്; നല്ല ബുദ്ധിതീക്ഷ്ണതയുണ്ട്; സന്മാർഗ്ഗനിരതനാണ്; ആത്മാർത്ഥതയ്ക്കു യാതൊരു കുറവുമില്ലാത്തവനാണ്. ദൈവഭക്തന്മാരാണെന്ന് നടിച്ചുകൊണ്ടു നടക്കുന്ന പല യുവാക്കന്മാരോടുമുള്ളതിൽ കൂടുതൽ ബഹുമാനം എനിക്കീ കാപട്യമില്ലാത്ത ചെറുപ്പക്കാരനോടുണ്ട്.

"കേവലം വികാരങ്ങളുടെ തള്ളലിൽ മതിമറന്ന് എന്തും ചെയ്യുന്ന ഒരു സ്വഭാവം എനിക്കു സാധാരണയാണ്. കാര്യങ്ങളുടെ അകവും പുറവും നോക്കുക എനിക്കു വളരെ പണിയുള്ള ഒന്നാണ്. എങ്കിലും ഞാനഭിമാനിക്കുന്നുണ്ട്, ഞാൻ എന്റെ ദുർബലതകളെ മനസ്സിലാക്കുന്നുണ്ട്, അവയെ ആവുന്നിടത്തോളം ഇല്ലാതാക്കുവാൻ ശ്രമിക്കുന്നുമുണ്ട്, എന്ന്. ഒരുപക്ഷേ ഇതു് ദുരഭിമാനമായിരിക്കാം. ഏതായാലും ആത്മാർത്ഥതയ്ക്ക് ലോപമില്ലാത്തൊന്നായിരിക്കും ഈ കത്ത്."

എന്നാണ് കത്തിന്റെ മുഖവുര. ഞാനതു് വിശ്വസിക്കുന്നു. ഈ യുവാവ്, തന്റെ സ്വന്തം സൗകര്യങ്ങൾക്കുവേണ്ടിമാത്രം ദൈവത്തെ ഉപേക്ഷിക്കുന്ന തരക്കാരനല്ല. കത്തിങ്ങനെ തുടരുന്നു:

"എനിക്കു ചിലപ്പോൾ തോന്നാറുണ്ട്. മനുഷ്യൻ ദൈവത്തെ സൃഷ്ടിച്ചുവെന്ന്. പണ്ടുകാലം മുതൽ ഉള്ള മനുഷ്യചരിത്രം പരിശോധിച്ചാൽ, ദൈവങ്ങൾ വെള്ളം തുടങ്ങി, കരടി പുലി തൊട്ട് നക്ഷത്രങ്ങളിൽക്കൂടി, ഇന്നത്തെ ഈശ്വരൻവരെ വളൎന്നതായി കാണാം. അങ്ങിനെ മനുഷ്യന്റെ മസ്തിഷ്കത്തിന്റെ വളർച്ചയനുസരിച്ച് ദൈവവും വളൎന്നുവന്നു."

വിചിത്രമായ വാദഗതിയാണിതെന്ന് വിചാരിക്കുന്ന വായനക്കാരുണ്ടാവാം. "അല്ലാ; ഈ വാദഗതിയുടെ ബലഹീനതയൊന്നു കാണിച്ചുതരൂ.", എന്ന് പറയുന്ന വായനക്കാരും ധാരാളമുണ്ടാകാം. തങ്ങളുടെ വിലയേറിയ സമയത്തിൽ ഒരരമണിക്കൂർ ഇക്കാര്യത്തെപ്പറ്റി ചിന്തിക്കുവാൻ വിനിയോഗിക്കണമേ, എന്ന് ഞാൻ രണ്ടുകൂട്ടരോടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

ദൈവവിശ്വാസത്തെപ്പറ്റിയുള്ള ഈ സംശയങ്ങൾക്ക് പ്രധാനകാരണമായിട്ടുള്ളതു്, ചാൾസ് ഡാർവ്വിന്റെ പേരുമായനുബന്ധിക്കപ്പെട്ടുന്ന പരിണാമവാദത്തിന്റെ ദുർവ്യാഖ്യാനവും, ശാസ്ത്രീയമനസ്ഥിതിയുടെ ദുരുപയോഗവുമാണ്. അതുകൊണ്ട് ആദ്യമായി ശാസ്ത്രീയഗവേഷണരീതിയെപ്പറ്റിയും ശാസ്ത്രത്തിന്റെ ജീവോത്ഭവസിദ്ധാന്തങ്ങളെപ്പറ്റിയും കുറച്ചൊന്ന് പറയേണ്ടിയിരിക്കുന്നു. ദൈവമുണ്ടോ എന്ന ചോദ്യത്തിന്റെ സമാധാനം ഇതിൽനിന്നും ധ്വനിക്കട്ടെ.

രണ്ടാമതു്, "ദൈവമുണ്ടായാലും ഇല്ലെങ്കിലും, എനിക്കാ കാര്യത്തിൽ വലിയ താല്പര്യമില്ല." എന്നു പറയുന്നതിന്റെ യുക്തിയുക്തതയേപ്പറ്റിയും ഹ്രസ്വമായൊന്നു ഗവേഷണം ചെയ്യാം.

## ശാസ്ത്രീയഗവേഷണരീതിയുടെ പരിമിതികൾ

ഭാരതത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരിൽ ഞാൻ പലപ്പോഴും കണ്ടിട്ടുള്ള ഒരു ന്യൂനതയുണ്ട്. യൂറോപ്യൻരാജ്യങ്ങളിൽ ഇരുപതോ ഇരുപത്തിയഞ്ചോ വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന ചിന്താഗതിയാണ് ഇന്നു നമ്മുടെ യുവാക്കന്മാരും യുവതികളും അവലംബിച്ചുകാണുന്നതെന്നുള്ളതാണതു്. പാശ്ചാത്യ തത്വശാസ്ത്രം തങ്ങളുടെ അനുഭവത്തെ ആസ്പദമാക്കി കാൽനൂററാണ്ടു മുമ്പേ യുക്തിയുക്തം നിരാകരിച്ചു കഴിഞ്ഞിരിക്കുന്ന വാദമുഖങ്ങളെ ഇന്നും നമ്മുടെ പഠിപ്പുള്ള ചെ[illegible]ത്തിന്റെ വീറോടുകൂടി ഉന്നയിക്കുന്ന[illegible]മ്പോൾ കുറെയൊക്കെ [illegible]ാപോലുള്ള [illegible]ന്നും അവ[illegible]ന്നിപ്പോകുന്നു.

ശാസ്ത്രത്തിന്റെ അ[illegible] എന്നുള്ള [illegible]സ്ഥിതി കതിയിലുള്ള വിശ്വാ[illegible] ജ്ഞാനത്തിൽപ്പെട്ടതാണ്.

പത്തൊമ്പതാം ശതകത്തി[illegible] അന്ത്യകാലത്താണ് പാശ്ചാത്യശാസ്ത്രജ്ഞരിൽ പ്രമുഖനായ ഒരാൾ പറഞ്ഞതു്: "വസ്തുശാസ്ത്രത്തിലെ വലിയ കണ്ടുപിടുത്തങ്ങളെല്ലാം കഴിഞ്ഞിരിക്കുന്നുവെന്നു തോന്നുന്നു. ഭാവിയിലുള്ള പുരോഗതി, മിക്കവാറും കുറെക്കൂടി സൂക്ഷ്മമായ പരിമാണ (measurement) മാർ

M. RegNo. 5268. Licence No. 498:

# ചർച്ചുപീകലി

# WHY IS'NT EVE-RYONE A CHRIS-TIAN?

(T. Paul Varughese)

It was late. The discussion was already in full swing and apparently quite heated.

"If you feel that everyone ought to be a Christian, Jack then why is that not the case with every-one?" The question came from Barbara, who had recently become a Christian.

Larry, as discussion leader, took up the question, and put it to the group: "At least two-thirds of the world is not Christian. Would any of you care to suggest why this is so?"

"The most obvious thing," ventured Janie, "is that not every one has had a chance. They have not been presented with the claims of Christ."

"That is very true", said Jack, "but even in our own country, where nearly everyone has had a chance to hear the gospel, why are n't they all Christians?"

"Well, for one thing, we Christians have not given much reason for people to think that there is anything real in the Christian life." The quite young man in the corner, whose name I cannot recall, was speaking.

"We have had now two reasons given, one that we haven't prese-nted the gospel to some, and second that our lives have not always been effective witnesses to the gospel we preach. Both these are things for which the Church is responsible. But I want to find out why, when two people are exposed to the same preaching and the same Chr-istian lives, one becomes a Chr-istian and the other does not." Jack's question brought the problem into sharp focus.

"The one does not want to give up some things in his life, while the other may decide to give up things for Christ's sake. Don't you think that is a reason?" Barbara suggested.

"Yes, but I like to know why he does'nt want to give up things", Jack insisted.

"I suppose that the former decides that what is more advant-ageous to himself is what he already has, and he does not want to give it up for something which he has not experienced and of which he is not sure. He is playing safe." Bob answered.

"But that is a false security", said Jim, who was a student at the Seminary. "This desire to hold on to one's own interest and to make it secure is at the very heart of sin. In fact that is sin".

"Security is one of the basic cravings of man. But he has also a deep desire for freedom. That is why man wants to play safe, and at the same time has a desire to take risks and fling caution to the winds and do something that asserts his freedom." It was Fred, the Psychology major.

"Actually man thinks he is secure when he has the ability to take care of himself by means of monetary wealth, physical strength, controlling authority and power and, backing by society by conformity to it. He thinks he is free when he refuses to be a slave of one man or God, when his head is unbent, and when he can say, 'I am the Lord of my life, I am the captain of my soul'. The Christian gospel demands that he relinqui-shes his trust in these false secur-sties and commit himself to God, iand also that he surrenders his delusion of freedom to become a bondslave of Jesus Christ, and thus in the filial relationship towards God through Jesus Christ find true security and freedom. Man's security and freedom are delusions. It is his clinging to these delusions and refusal to accept the deliverance that is offered in Christ that keeps him from being a Christan." Naturally such a long sermon could come only from Jim, the theological student.

"But Jim", said Jack bringing the question into proper focus again, "why is it that when there are two people in similar circumstances, one is delivered from this delusion and the other is not?"

"Well, man is a free being; he makes choices. One man decides to accept the real freedom that Christ offers, and the other decides to stick to his delusion." Jim ans-wered.

"But you still have'nt told me why he chooses one way or the other." Jack insisted.

"Is it not the case that God has given us this freedom to choose for or against Him, and that we choose because we choose? of course I know that it is because God has chosen us from the foundation of the world that we are able to choose for Him. But may be Jim can enlighten me as to how to reconcile the fact that it is God who chooses us and yet we are responsible for the choice we make'. It was the quiet young man in the corner.

"I wish I had an easy answer to that problem" was all that Jim could say.

"The Biblical teaching is that man is responsible for his sin. God's grace consists in the free gift of Jesus Christ through whom He offers redemption to the whole of mankind. If some do not accept it, the reason for it, as far as I can gather from this discussion, lies in three factors. One, the church has not proclamied the gosp-el to all. Two, the life of the Church has often failed to reflect the truth of the Gospel. Third, men reject the gospel of their own free choice, but even here Christians cannot but acknowledge partial responsibility for such reject-ion, though man is responsible prim-arily for his own choice. The import-ant thing for the church then, and for you and for me therefore, is to see that we do not fail in our responsibility to God and to our fellow-men to persuade them to accept God's free gift. The leader summarized.

I came away with a deep feeling of gratitude for what God had done, and a strong sense of my own responsibility to fellow-men.

Printed and Published by N. M. Abraham B. A. at the Malayala Manorama Press, Kottayam.